മലയാള മനോരമ

19 August 2017

# മധുരമുള്ളൊരു ദിനം ഇന്ന്

## ലോക തേനീച്ചാദിനം ജില്ലാതല പരിപാടി കോതമംഗലത്ത്

കൊച്ചി • ഇന്നു തേനീച്ചകളുടെ ദിവസം. ലോക തേനീച്ച ദിനത്തോടനുബന്ധിച്ചു കേന്ദ്ര സമുദ്രമൽസ്യ ഗവേഷണ കേന്ദ്രത്തിന്റെ കീഴിലുള്ള കൃഷിവിജ്ഞാന കേന്ദ്രം (കെവികെ) സംഘടിപ്പിക്കുന്ന തേനീച്ച ബോധവൽക്കരണ ശിൽപശാല കോതമംഗലം സംസ്കാര ഓഡിറ്റോറിയത്തിൽ രാവിലെ 10ന് ആന്റണി ജോൺ എംഎൽഎ ഉദ്ഘാടനം ചെയ്യും. ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനും സുസ്ഥിര കാർഷിക വികസനത്തിനും തേനീച്ചകളുടെ പങ്ക് ബോധ്യപ്പെടുത്തുന്നതാവും ശിൽപശാല. തേനീച്ച വളർത്തലിൽ പരിശീലനം നൽകും.

## അറിയാമോ?

നമ്മൾ കഴിക്കുന്ന ഭക്ഷണത്തിന്റെ മൂന്നിലൊരു ഭാഗം ഉൽപാദിപ്പിക്കുവാൻ സഹായിക്കുന്നതു തേനീച്ചകളാണ്. ഇവയുടെ പരാഗണത്തിലൂടെ കാർഷിക വിളകളിൽ വർധനയുണ്ടാകുന്നുവെന്നാണു ശാസ്ത്രപക്ഷം. ഭക്ഷ്യോൽപാദനത്തിൽ തേനീച്ചകളുടെ പങ്കിനെക്കുറിച്ചു പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനും ഇവയെ വളർത്തുന്നതിനും സംരക്ഷിക്കുന്നതിനും പരിശീലനം നൽകുന്നതിനുമാണു തേനീച്ച ദിനത്തിൽ കെവികെ ശിൽപശാല നടത്തുന്നത്. എല്ലാ വർഷവും ഓഗസ്റ്റ് അവസാന ശനിയാഴ്ചയാണു ലോക തേനീച്ച ദിനമായി ആചരിക്കുന്നത്.